## റസ്റ്റോറന്റിനു മുന്നിലെ ഗതാഗത തടസ്സം:
## റസ്റ്റോറന്റ് അടച്ചുപൂട്ടണമെന്ന് ഉത്തരവിടാൻ ജില്ലാ മജിസ്ട്രേറ്റിന് അധികാരമില്ല

### കേരള ഹൈക്കോടതി

Crl. M.C. No. 3229/2015 Dt. 25.2.2020

സജിന ജെ.എസ്. x ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്

മദേഴ്സ് വെജിറ്റേറിയൻ പ്ലാസ റസ്റ്റോറന്റ് എന്ന സ്ഥാപനത്തിന്റെ ഉടമസ്ഥയാണ് ഹർജിക്കാരി. റസ്റ്റോറന്റിന്റെ മുന്നിലെ റോഡ് വളരെയധികം ഗതാഗതമുള്ള പ്രധാന റോഡാണ്. അതേ സമയം ആ റോഡ് വളരെ ഇടുങ്ങിയതുമാണ്. റസ്റ്റോറന്റിലേക്കു വരുന്ന ഉപഭോക്താക്കൾ അവരുടെ വാഹനങ്ങൾ നിർത്തിയിടുന്നത് റസ്റ്റോറന്റിന്റെ മുറ്റത്തും റോഡരികിലുമാണ്. റോഡരികിൽ നിർത്തിയിടുന്ന വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതോടെ ആ റോഡിൽ ഗതാഗത തടസ്സം നേരിടുക സാധാരണമാണ്. ഈ സാഹചര്യം നേരിടുന്നതിന് ഹർജിക്കാരി ഒരു ജീവനക്കാരനെ ഗതാഗതം നിയന്ത്രിക്കുന്നതിനായി നിയോഗിക്കുകയാണ് പതിവ്. ആ ജീവനക്കാരൻ പൊതുജനങ്ങളുടെ വാഹനം തടഞ്ഞുനിർത്തി ഉപഭോക്താക്കളുടെ വാഹനങ്ങൾക്ക് വഴിയൊരുക്കുകയാണ് ചെയ്തിരുന്നത്. വെള്ളപ്പൊക്ക-പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് യാത്ര ചെയ്ത അവസരങ്ങളിൽ ജില്ലാ മജിസ്ട്രേറ്റ് ഇക്കാര്യങ്ങൾ നേരിട്ട് കാണുകയും അനുഭവിക്കുകയും ചെയ്യുകയുണ്ടായി. അതിന്റെ വെളിച്ചത്തിൽ അദ്ദേഹം ഹർജിക്കാരിക്കെതിരെ സ്വമേധയാ കേസെടുത്തു. ഹർജിക്കാരിക്ക് നോട്ടീസ് നല്കാതെ ജില്ലാ മജിസ്ട്രേറ്റ് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. റോഡരികിൽ വാഹനങ്ങൾ നിർത്തിയിടുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ശല്യം നീക്കം ചെയ്യുന്നതിനു വേണ്ടി റസ്റ്റോറന്റിന്റെ പ്രവർത്തനം ഉടനടി നിർത്തിവയ്ക്കണമെന്നാണ് ജില്ലാ മജിസ്ട്രേറ്റ് താൽക്കാലിക ഉത്തരവിലൂടെ നിർദ്ദേശിച്ചത്. ഇതിനെതിരെ റസ്റ്റോറന്റിന്റെ ഉടമസ്ഥ ഹൈക്കോടതിയിൽ ഹർജി നല്കി. വാഹനങ്ങൾ നിർത്തിയിടുന്നതോ ഗതാഗത തടസ്സമോ സംബന്ധിച്ച് നിരോധന ഉത്തരവ് പുറപ്പെടുവിക്കാനോ അതു സംബന്ധിച്ച പരാതി പരിഗണിക്കാനോ ജില്ലാ മജിസ്ട്രേറ്റിന് അധികാരമില്ലെന്ന് ഹർജിക്കാരി വാദിച്ചു. മറ്റേത് കാരണംകൊണ്ടായാലും റസ്റ്റോറന്റിന്റെ പ്രവർത്തനം നിർത്തിവയ്ക്കണമെന്ന് ഉത്തരവിടാനും ജില്ലാ മജിസ്ട്രേറ്റിന് അധികാരമില്ലെന്നും ഹർജിക്കാരി ചൂണ്ടിക്കാട്ടി. പൊതു സ്ഥലത്തെ ശല്യം നീക്കം ചെയ്യാനുള്ള അധികാരമുപയോഗിച്ച് റസ്റ്റോറന്റ് അടച്ചു പൂട്ടണമെന്ന് ഉത്തരവിടാൻ ജില്ലാ മജിസ്ട്രേറ്റിന് അധികാരമില്ലെന്ന് ഹൈക്കോടതി വിലയിരുത്തി. ഗതാഗത പ്രശ്നങ്ങൾ, പാർക്കിങ് സ്ഥലം എന്നിവ സംബന്ധിച്ച് തീരുമാനമെടുക്കാൻ യഥാക്രമം ട്രാഫിക് പോലീസിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് അധികാരവും ചുമതലയുമുള്ളതെന്ന് ഹൈക്കോടതി ഓർമ്മിപ്പിച്ചു. ജില്ലാ മജിസ്ട്രേറ്റിന്റെ ഉത്തരവ് അധികാരപരിധിക്കപ്പുറമുള്ള നടപടിയാണെന്ന് പ്രഖ്യാപിച്ച ഹൈക്കോടതി അത് റദ്ദാക്കുകയും റസ്റ്റോറന്റിന്റെ ഉടമസ്ഥയുടെ ഹർജി അനുവദിക്കുകയും ചെയ്തു.